**85/26-M**

| ചോദ്യ പുസ്തക ക്രമനമ്പർ |
| --- |
| |

**ചോദ്യപുസ്തക അക്ഷരകോഡ്**

**A**

A

| ചോദ്യങ്ങളുടെ ആകെ എണ്ണം : 100 | സമയം : 90 മിനിട്ട് |
| --- | --- |
| പരമാവധി മാർക്ക് : 100 | |

**ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യപുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യപുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യപുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യപുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യപുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യപുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യപുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപകൻ

A) പഴശ്ശിരാജ
B) മാർത്താണ്ഡവർമ്മ
C) ശക്തൻ തമ്പുരാൻ
D) പാലിയത്തച്ഛൻ

2. സമത്വസമാജം സ്ഥാപിച്ചതാര് ?

A) ഡോക്ടർ പൽപ്പു
B) ചട്ടമ്പി സ്വാമികൾ
C) തൈക്കാട് അയ്യ
D) വൈകുണ്ഠ സ്വാമികൾ

3. 1857-ലെ വിപ്ലവം ആരംഭിച്ച സ്ഥലം

A) മീററ്റ്
B) ഹരിയാന
C) നാഗ്പൂർ
D) പഞ്ചാബ്

4. ''രാഷ്ട്രപിതാവ് '' എന്ന് ഗാന്ധിജിയെ ആദ്യമായി അഭിസംബോധന ചെയ്തത് ആര് ?

A) ഗോപാലകൃഷ്ണഗോഖലെ
B) സ്വാമി വിവേകാനന്ദൻ
C) നേതാജി സുഭാഷ്ചന്ദ്രബോസ്
D) ഇവരാരുമല്ല

5. ഐക്യരാഷ്ട്ര സംഘടനയുടെ ആസ്ഥാനം എവിടെയാണ് ?

A) ന്യൂയോർക്ക്
B) നെതർലാൻഡ്
C) ജെനീവ
D) ഹേഗ്

6. എണ്ണഷിപ്പിങ് റൂട്ടുകൾ കാരണം ഇറാൻ-അമേരിക്ക സംഘർഷങ്ങൾക്ക് തന്ത്രപരമായി പ്രധാനപ്പെട്ട മേഖല ഏതാണ് ?

A) പനാമ കനാൽ
B) സൂയസ് കനാൽ
C) ഹോർമുസ് കടലിടുക്ക്
D) ബെറിങ് കടലിടുക്ക്

7. ഇന്ത്യൻ കാലാവസ്ഥ വകുപ്പിന്റെ ആസ്ഥാനം എവിടെ ?

A) ഡൽഹി
B) വിശാഖപട്ടണം
C) ഹൈദ്രാബാദ്
D) തിരുവനന്തപുരം

8. കാറ്റിലൂടെ തിരശ്ചീനതലത്തിൽ താപം വ്യാപിക്കുന്ന പ്രക്രിയ ഏത് പേരിൽ അറിയപ്പെടുന്നു ?

A) താപചലനം
B) സംവഹനം
C) അഭിവഹനം
D) വികിരണം

9. ഓസോൺ പാളി സ്ഥിതി ചെയ്യുന്നത് ഏത് അന്തരീക്ഷ പാളിയിൽ ?

A) ട്രോപ്പോസ്ഫിയർ
B) സ്ട്രാറ്റോസ്ഫിയർ
C) മെസോസ്ഫിയർ
D) തെർമോസ്ഫിയർ

10. കൃഷ്ണ നദിയുടെ പോഷകനദികൾ ഏതെല്ലാം ?

A) തുംഗഭദ്ര – ഭീമ
B) കബനി – ഭവാനി
C) ഇന്ദ്രാവതി – ശബരി
D) ഇബ് – ടെൽ

11. ഇന്ത്യയിലെ കാപ്പി ഉൽപാദനത്തിൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനം

A) തമിഴ്നാട്
B) കേരളം
C) മഹാരാഷ്ട്ര
D) കർണ്ണാടക

12. 2026 എൽനിനോ പ്രതിഭാസം ഉണ്ടായ വർഷമാണ് എന്നാൽ ഇതേ പ്രതിഭാസം ഇതിന് തൊട്ട് മുൻപ് ഉണ്ടായ വർഷം ഏത് ?

A) 2010
B) 2015
C) 2023
D) 2013

13. താഴെ നല്കിയിരിക്കുന്ന പ്രസ്താവനകളിൽ ഹരിതവിപ്ലവവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?

i. ഹരിത വിപ്ലവം പയർവർഗ്ഗങ്ങളുടെ ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിച്ചു.
ii. ഹരിത വിപ്ലവം ഭക്ഷ്യധാന്യ ഉൽപ്പാദനത്തിൽ ഇന്ത്യയെ സ്വയംപര്യാപ്തതയിലേക്ക് നയിച്ചു.
iii. ഹരിത വിപ്ലവം പ്രധാനമായും ഗോതമ്പിന്റെയും നെല്ലിന്റെയും ഉൽപ്പാദനം വർദ്ധിപ്പിച്ചു.
iv. ഹരിത വിപ്ലവത്തിന്റെ ഭാഗമായി ജലസേചന പദ്ധതികളുടെ വ്യാപനം നടന്നു.

A) പ്രസ്താവനകൾ ii, iii, iv ശരിയാണ് പ്രസ്താവന i ശരിയല്ല
B) പ്രസ്താവനകൾ i, iii, iv ശരിയാണ് പ്രസ്താവന ii ശരിയല്ല
C) പ്രസ്താവനകൾ i, ii ശരിയാണ് പ്രസ്താവനകൾ iii, iv ശരിയല്ല
D) പ്രസ്താവനകൾ i, iii ശരിയാണ് പ്രസ്താവനകൾ ii, iv ശരിയല്ല

14. ഇന്ത്യയിലെ പ്രധാനവിളകളും അവയ്ക്ക് അനുയോജ്യമായ മണ്ണ്/ഭൂപ്രകൃതി എന്നിവയെ സംബന്ധിച്ചുള്ള താഴെപ്പറയുന്ന പ്രസ്താവനകളിൽ ശരിയായവ ഏവ ?

i. പരുത്തിക്ക് കറുത്ത മണ്ണ് അനുയോജ്യമാണ്.
ii. ജ്യൂട്ടിന് അലൂവിയൽ മണ്ണ് അനുയോജ്യമാണ്.
iii. ചായയ്ക്ക് ചരിവുള്ള പ്രദേശങ്ങൾ അനുയോജ്യമാണ്.
iv. ഗോതമ്പ് പ്രധാനമായും ലാറ്ററൈറ്റ് മണ്ണിലാണ് കൃഷി ചെയ്യുന്നത്.

A) പ്രസ്താവനകൾ ii, iii, iv ശരിയാണ് പ്രസ്താവന i ശരിയല്ല
B) പ്രസ്താവനകൾ i, ii, iii ശരിയാണ് പ്രസ്താവന iv ശരിയല്ല
C) പ്രസ്താവനകൾ i, ii ശരിയാണ് പ്രസ്താവനകൾ iii, iv ശരിയല്ല
D) പ്രസ്താവനകൾ i, iii ശരിയാണ് പ്രസ്താവനകൾ ii, iv ശരിയല്ല

15. താഴെപ്പറയുന്നവയിൽ ധാതുവും അതിന്റെ പ്രധാന ഉപയോഗവും ശരിയായി യോജിപ്പിച്ചിട്ടുള്ള ജോഡികൾ ഏവ ?

   i. ബോക്സൈറ്റ് – അലുമിനിയം നിർമ്മാണം

   ii. മൈക്ക – വൈദ്യുത ഇൻസുലേറ്റർ നിർമ്മാണം

   iii. ചുണ്ണാമ്പുകല്ല് – രാസവള നിർമ്മാണം

   iv. ഇരുമ്പയിര് – സ്റ്റീൽ നിർമ്മാണം

   A) i, ii, iii  B) ii, iii, iv  C) i, iii, iv  D) i, ii, iv

16. കോളം A യിലെ പഞ്ചവത്സരപദ്ധതികളെ, കോളം B യുമായി ഉചിതമായി യോജിപ്പിച്ച് ഉത്തരം തിരഞ്ഞെടുക്കുക.

| A | B |
|---|---|
| a. ഒന്നാം പഞ്ചവത്സര പദ്ധതി | 1. മഹാലനോബിസ് മാതൃക |
| b. രണ്ടാം പഞ്ചവത്സര പദ്ധതി | 2. കാർഷിക വികസനം |
| c. അഞ്ചാം പഞ്ചവത്സര പദ്ധതി | 3. മാനവ വിഭവശേഷി വികസനം |
| d. എട്ടാം പഞ്ചവത്സര പദ്ധതി | 4. ഗരീബി ഹട്ടാവോ (Garibi Hatao) |

   A) a – 1, b – 2, c – 3, d – 4  B) a – 2, b – 1, c – 3, d – 4

   C) a – 2, b – 1, c – 4, d – 3  D) a – 2, b – 4, c – 1, d – 3

17. NITI Aayog-നെ സംബന്ധിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായവ ഏവ ?

   1. NITI Aayog 2015-ൽ പാർലമെന്റ് നിയമം വഴി രൂപീകരിച്ച സ്ഥാപനമാണ്.

   2. സംസ്ഥാനങ്ങൾക്ക് പദ്ധതി ഫണ്ട് അനുവദിക്കാനുള്ള അധികാരം NITI Aayog-ന് ഇല്ല.

   A) പ്രസ്താവന 2 മാത്രം ശരിയാണ്; പ്രസ്താവന 1 ശരിയല്ല

   B) പ്രസ്താവന 1 മാത്രം ശരിയാണ്; പ്രസ്താവന 2 ശരിയല്ല

   C) പ്രസ്താവനകൾ 1 ഉം 2 ഉം ശരിയാണ്

   D) പ്രസ്താവനകൾ 1 ഉം 2 ഉം ശരിയല്ല

18. ഇന്ത്യയിലെ പണനയം (Monetary Policy) സംബന്ധിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായവ ഏതെല്ലാം ?

i. ഇന്ത്യയിൽ പണനയം രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (RBI) ആണ്.

ii. പണനയത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് സാമ്പത്തികസ്ഥിരത (Economic Stability) ഉറപ്പാക്കലാണ്.

iii. പണനയം നടപ്പിലാക്കുന്നതിന് റിപ്പോ നിരക്ക്, CRR, SLR തുടങ്ങിയ ഉപാധികൾ ഉപയോഗിക്കുന്നു.

iv. താങ്ങുവില (Minimum Support Price (MSP)) പണനയ ഉപകരണമാണ്.

ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?

A) പ്രസ്താവനകൾ ii, iii, iv ശരിയാണ് പ്രസ്താവന i ശരിയല്ല

B) പ്രസ്താവനകൾ i, ii, iv ശരിയാണ് പ്രസ്താവന iii ശരിയല്ല

C) പ്രസ്താവനകൾ i, ii, iii ശരിയാണ് പ്രസ്താവന iv ശരിയല്ല

D) പ്രസ്താവനകൾ i, iii ശരിയാണ് പ്രസ്താവനകൾ ii, iv ശരിയല്ല

19. താഴെപ്പറയുന്നവയിൽ "Make in India'' പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ ഏതെല്ലാമാണ് ?

i. വിദേശ നിക്ഷേപം ആകർഷിക്കൽ

ii. നിർമ്മാണ മേഖല പ്രോത്സാഹിപ്പിക്കൽ

iii. വ്യവസായ മേഖലയിൽ ലൈസൻസ് നിയന്ത്രണം വർദ്ധിപ്പിക്കൽ

iv. ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കൽ

A) i, ii, iv B) i, iii, iv C) ii, iii, iv D) i, ii, iii

20. ചേരുംപടി ചേർക്കുക.

| | A | | B |
|---|---|---|---|
| 1. | 52-ാം ഭരണഘടനാ ഭേദഗതി | a. | വിദ്യാഭ്യാസം മൗലികാവകാശം |
| 2. | 74-ാം ഭരണഘടനാ ഭേദഗതി | b. | കൂറുമാറ്റ നിരോധന നിയമം |
| 3. | 84-ാം ഭരണഘടനാ ഭേദഗതി | c. | നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി |
| 4. | 91-ാം ഭരണഘടനാ ഭേദഗതി | d. | മന്ത്രിസഭയിലെ മന്ത്രിമാരുടെ എണ്ണം പരിമിതപ്പെടുത്തി |

A) 1 – c, 2 – d, 3 – b, 4 – a B) 1 – b, 2 – c, 3 – a, 4 – d

C) 1 – a, 2 – c, 3 – b, 4 – d D) 1 – d, 2 – b, 3 – a, 4 – c

21. താഴെ തന്നിരിക്കുന്നവയിൽ ഇന്ത്യൻ ഭരണഘടനയിലെ അവശിഷ്ടാധികാരങ്ങളുമായി (Residuary Powers) ബന്ധപ്പെട്ട തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

I. സൈബർ നിയമങ്ങൾ ഇതിന് ഉദാഹരണമാണ്.

II. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അവശിഷ്ടാധികാരങ്ങളിൽ ഉൾപ്പെടുന്നില്ല.

III. ഇന്ത്യ ഇതിന്റെ സവിശേഷതകൾ കടമെടുത്തത് കാനഡയുടെ ഭരണഘടനയിൽ നിന്നുമാണ്.

IV. ഇതിൽ നിന്നും നിയമം നിർമ്മിക്കാൻ അധികാരം കേന്ദ്രഗവൺമെന്റിനാണ്.

A) I B) II C) III D) IV

22. ഇന്ത്യൻ ഭരണഘടനയിലെ വകുപ്പ് 148 എന്തുമായി ബന്ധപ്പെട്ടതാണ് ?

A) പ്രധാനമന്ത്രി

B) ഉപപ്രധാനമന്ത്രി

C) ഉപരാഷ്ട്രപതി

D) കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ

23. ചേരുംപടി ചേർക്കുക. (നിർദ്ദേശക തത്ത്വങ്ങൾ)

| | A | | B |
|---|---|---|---|
| 1. | വകുപ്പ് 40 | a. | ഗോവധം നിരോധിക്കൽ |
| 2. | വകുപ്പ് 43 | b. | ഏകീകൃത സിവിൽകോഡ് |
| 3. | വകുപ്പ് 44 | c. | വില്ലേജ് പഞ്ചായത്ത് |
| 4. | വകുപ്പ് 48 | d. | കുടിൽ വ്യവസായം |

A) 1 – b, 2 – c, 3 – d, 4 – a B) 1 – c, 2 – a, 3 – b, 4 – d

C) 1 – c, 2 – d, 3 – b, 4 – a D) 1 – d, 2 – c, 3 – b, 4 – a

24. ''ഭരണഘടനയുടെ ജാതകം'' എന്ന് ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തെ വിശേഷിപ്പിച്ചത് ആരാണ് ?

A) ജവഹർലാൽ നെഹ്റു B) കെ. എം. മുൻഷി

C) എൻ. എ. പാൽഖിവാല D) പണ്ഡിറ്റ് താക്കൂർ ദാസ്

25. ഇന്ത്യയിലെ യുവാക്കൾ നയിക്കുന്ന പ്രസ്ഥാനമായ CJP യുടെ പൂർണ്ണരൂപം എന്ത് ?

A) കോക്രോച്ച് ജനസംഘ് പാർട്ടി

B) കോക്രോച്ച് ജയസംഘ് പാർട്ടി

C) കോക്രോച്ച് ജനതാ പാർട്ടി

D) ഇവയൊന്നുമല്ല

26. കേരള നിയമനിർമ്മാണ സഭയിലെ ഇപ്പോഴത്തെ ഡെപ്യൂട്ടിസ്പീക്കർ ആരാണ് ?

A) ഷാനിമോൾ ഒസ്മാൻ

B) തിരുവഞ്ചൂർ രാധാകൃഷ്ണൻ

C) ചിറ്റയം ഗോപകുമാർ

D) കെ. എ. തുളസി

27. കേരളത്തിലെ മുതിർന്ന പൗരന്മാർക്ക് വീടുകളിൽ ചെന്നുള്ള സൗജന്യ ചികിത്സയും കൗൺസിലിംഗും ഉറപ്പാക്കുന്ന പദ്ധതി ഏതാണ് ?

A) സ്നേഹപൂർവ്വം

B) വയോമിത്രം

C) സുകൃതലയം

D) സാന്ത്വനം

28. അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി വനിത ശിശു വികസന വകുപ്പ് ആരംഭിച്ച പദ്ധതി

A) പോഷൺ അഭിയാൻ

B) സമ്പുഷ്ട കേരളം

C) അമൃതം ആരോഗ്യം

D) ക്ഷീരധാര

29. താഴെ പറയുന്നവയിൽ തണ്ണീർതട സംരക്ഷണവുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര കരാർ ഏത് ?

A) ജനീവ കൺവെൻഷൻ

B) റാംസർ കൺവെൻഷൻ

C) പാരീസ് കരാർ

D) വിയന്ന കൺവെൻഷൻ

30. കേരളത്തിൽ ആദ്യമായി കമ്മ്യൂണിറ്റി എനർജി സ്റ്റോറേജ് മോഡൽ പൈലറ്റ് പദ്ധതി നടപ്പിലാക്കിയ പഞ്ചായത്ത് ഏതാണ് ?

A) പെരിങ്ങോം

B) പുത്തനങ്ങാടി

C) പെരിഞ്ഞനം

D) കുമരകം

31. NDRF-ന്റെ പൂർണ്ണരൂപം എഴുതുക.

A) National Disaster Relief Fund

B) National Disaster Response Force

C) National Disaster and Relief Force

D) National Disater Research Forum

32. തെറ്റായ പ്രസ്താവന ഏത് ?

A) സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷൻ ഒരു സ്വതന്ത്ര ഭരണഘടന സ്ഥാപനമാണ്.

B) ലോകയുക്ത അഴിമതി അന്വേഷിക്കുന്നു.

C) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്, സിവിൽ കോടതിയുടെ അധികാരമുണ്ട്.

D) നീതി അയോഗ് ഒരു ഭരണഘടനാ സ്ഥാപനമാണ്.

33. എന്റെ ഭൂമി പോർട്ടൽ വഴി ഭൂമി സംബന്ധമായ സേവനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും വ്യാജ ആധാരങ്ങൾ തടയുന്നതിനും ഉപയോഗിക്കുന്ന സാങ്കേതിക സുരക്ഷ സംവിധാനം ഏതാണ് ?

A) ബ്ലോക്ക് ചെയിൻ

B) ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

C) ബയോമെട്രിക്ക് ലാൻഡ് ലോക്കിങ്

D) ക്വാണ്ടം ക്രിപ്റ്റോഗ്രഫി

34. കേരളത്തിലെ ആരോഗ്യ സംരക്ഷണ മേഖലയിൽ നടപ്പിലാക്കിവരുന്ന ആർദ്രം മിഷന്റെ പ്രധാന ലക്ഷ്യം എന്താണ് ?

A) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ ചികിത്സാരീതികൾ വിപുലീകരിക്കുക.

B) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക.

C) ചികിത്സ പൂർണ്ണമായും സൗജന്യമാക്കുക.

D) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഉറപ്പാക്കുക.

35. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏത്/ഏവ ?

i. ചില ആന്റിബോഡികൾ ബാക്ടീരിയയുടെ കോശസ്തരത്തെ ശിഥിലീകരിച്ച് അവയെ നശിപ്പിക്കുന്നു.

ii. ആന്റിബോഡികൾ ആന്റിജനുകളുടെ വിഷാംശത്തെ നിർവീര്യമാക്കുന്നു.

iii. ആന്റിബോഡികൾ മറ്റു ശ്വേതരക്താണുക്കളെ ഉത്തേജിപ്പിക്കാതെ രോഗാണുക്കളെ നശിപ്പിക്കുന്നു.

A) i, ii മാത്രം

B) i, iii മാത്രം

C) ii, iii മാത്രം

D) i, ii, iii ഇവയെല്ലാം

36. കൃത്രിമ പ്രതിരോധ വൽക്കരണത്തിനുവേണ്ടി വാക്സിനുകൾ നിർമ്മിക്കുവാൻ താഴെ തന്നിരിക്കുന്നവയിൽ ഉപയോഗിക്കാത്തവ ഏതാണ് ?

A) ജീവനുള്ള രോഗാണുക്കൾ

B) ജീവനില്ലാത്ത രോഗാണുക്കൾ

C) നിർവീര്യമാക്കപ്പെട്ട വിഷവസ്തുക്കൾ

D) രോഗിയുടെ ശരീര കോശങ്ങൾ

37. മനുഷ്യ മസ്തിഷ്കത്തിലെ വൈദ്യുത തരംഗങ്ങളെ രേഖപ്പെടുത്താൻ ഉപയോഗിക്കുന്ന ഉപകരണം ഏത് ?

A) അൾട്രാസൗണ്ട് സ്കാനർ

B) ഇലക്ട്രോ എൻസഫലോ ഗ്രാം

C) സി. ടി. സ്കാനർ

D) എം. ആർ. ഐ. സ്കാനർ

38. താഴെ തന്നിരിക്കുന്നവയിൽ ഏറ്റവും മാരകമായ വൈറസ് രോഗം ഏതാണ് ?

A) എയ്ഡ്സ്

B) നിപ വൈറസ് രോഗം

C) കോവിഡ്-19

D) റിനോ വൈറസ് രോഗം

39. മനുഷ്യശരീരത്തിലെ അസ്ഥികളെ പൊതിഞ്ഞു സംരക്ഷിക്കുന്ന ആവരണം ഏതാണ് ?

A) പെരികാർഡിയം

B) മെനിഞ്ചസ്

C) പെരിയോസ്റ്റിയം

D) പ്ലൂറ

40. താഴെ തന്നിരിക്കുന്നവയിൽ ഏത് അളവിൽ രക്തസമ്മർദ്ദം ഉണ്ടെങ്കിലാണ് അത് അമിത രക്തസമ്മർദ്ദമായി കണക്കാക്കപ്പെടുന്നത് ?

A) 90/60 mm Hg
B) 120/80 mm Hg
C) 150/95 mm Hg
D) 110/75 mm Hg

41. ഹരിത ഗൃഹവാതകങ്ങളെക്കുറിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ തെറ്റായത് ഏത് ?

A) ഹരിത ഗൃഹവാതകങ്ങൾ അന്തരീക്ഷത്തിന്റെ താപനില ഉയർത്തുന്നു.
B) കാർബൺ ഡൈഓക്സൈഡ്, മീഥെയ്ൻ, നൈട്രസ് ഓക്സൈഡ് എന്നിവ പ്രധാന ഹരിത ഗൃഹവാതകങ്ങളാണ്.
C) ഹരിത ഗൃഹവാതകങ്ങളുടെ അളവ് കൂടുന്നത് ആഗോള താപനത്തിന് കാരണമാകുന്നു.
D) നൈട്രജൻ, ഓക്സിജൻ എന്നിവ പ്രധാന ഹരിത ഗൃഹവാതകങ്ങളാണ്.

42. അടുത്തിടെ വാർത്തകളിൽ നിറഞ്ഞ ''ആഗമൻ'' (Aagaman) ദൗത്യത്തെക്കുറിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി ?

A) കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് പഠിക്കാനായി ISRO നിർമ്മിച്ച റോക്കറ്റിന്റെ വിക്ഷേപണം.
B) സ്വകാര്യമേഖലയിലെ ഒരു ഇന്ത്യൻ സ്റ്റാർട്ടപ്പ് കമ്പനി നിർമ്മിച്ച റോക്കറ്റിന്റെ ആദ്യ വിക്ഷേപണം.
C) ISRO യുടെ ശുക്രനിലേക്കുള്ള (Venus) ആദ്യപര്യവേക്ഷണ ദൗത്യം.
D) ബഹിരാകാശ അവശിഷ്ടങ്ങൾ (Space Debris) ഇല്ലാതാക്കാൻ ISRO യും നാസയും (NASA) ചേർന്ന് സംയുക്തമായി നടത്തുന്ന പദ്ധതി.

43. നീളത്തിന്റെ വിവിധ യൂണിറ്റുകളെ അവയുടെ മൂല്യത്തിന്റെ ആരോഹണ ക്രമത്തിൽ എഴുതിയിരിക്കുന്നു. ശരിയായത് തെരഞ്ഞെടുത്തെഴുതുക.

A) മില്ലിമീറ്റർ, കിലോമീറ്റർ, പ്രകാശവർഷം
B) പ്രകാശവർഷം, കിലോമീറ്റർ, മില്ലിമീറ്റർ
C) കിലോമീറ്റർ, മില്ലിമീറ്റർ, പ്രകാശവർഷം
D) മില്ലിമീറ്റർ, പ്രകാശവർഷം, കിലോമീറ്റർ

44. ഒപ്റ്റിക്കൽ ഫൈബറുകളെ (Optical fibre) സംബന്ധിച്ചുള്ള താഴെ പറയുന്ന പ്രസ്താവനകൾ പരിഗണിച്ച് ഉത്തരമെഴുതുക.

a. ഇവ പ്രവർത്തിക്കുന്നത് പൂർണ്ണാന്തര പ്രതിഫലനം (Total internal reflection) എന്ന തത്വത്തിലാണ്.

b. മെഡിക്കൽ രംഗത്ത് എൻഡോസ്കോപ്പി (Endoscopy) ചെയ്യാൻവേണ്ടി ഉപയോഗിക്കുന്നു.

c. ഇതിലൂടെ സിഗ്നലുകൾ സഞ്ചരിക്കുന്നത് ശബ്ദത്തിന്റെ വേഗതയിലാണ്.

A) a – ശരി, b – തെറ്റ്, c – ശരി

B) a – ശരി, b – തെറ്റ്, c – തെറ്റ്

C) a – ശരി, b – ശരി, c – തെറ്റ്

D) എല്ലാം ശരിയാണ്

45. ആശുപത്രികളിലും പൊതുസ്ഥലങ്ങളിലും സമ്പർക്കമില്ലാതെ ശരീരതാപനില വേഗത്തിൽ അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം ഏത് ?

A) ഗലീലിയോ തെർമോമീറ്റർ

B) ലബോറട്ടറി തെർമോമീറ്റർ

C) കോൺസ്റ്റന്റ് വോള്യം ഗ്യാസ് തെർമോമീറ്റർ

D) ഇൻഫ്രാറെഡ് തെർമോമീറ്റർ

46. ഭൂഗുരുത്വ ത്വരണവുമായി (g) ബന്ധപ്പെട്ട് താഴെ പറയുന്ന പ്രസ്താവനകൾ പരിശോധിക്കുക.

i. ഭൂമിയുടെ ഉപരിതലത്തിൽ 'g'-യുടെ ഏകദേശ മൂല്യം 9.8 $m/s^2$ ആണ്.

ii. ഭൂമധ്യരേഖയിൽ നിന്ന് ധ്രുവങ്ങളിലേക്ക് പോകുന്തോറും 'g'-യുടെ മൂല്യം കുറയുന്നു.

iii. ഭൂമിയുടെ ഉപരിതലത്തിൽ നിന്നും താഴേക്ക് (ഉള്ളിലേക്ക്) പോകുന്തോറും 'g'-യുടെ മൂല്യം കുറയുന്നു.

iv. ഭൂകേന്ദ്രത്തിൽ 'g'-യുടെ മൂല്യം പൂജ്യം ആണ്.

മുകളിൽ കൊടുത്ത പ്രസ്താവനകളിൽ ശരിയായത് ഏവ ?

A) i, ii

B) ii, iii and iv

C) i, iii and iv

D) എല്ലാം ശരിയാണ്

47. ലോഹസങ്കരമായ (Alloy) സ്റ്റെയിൻലസ് സ്റ്റീലിൽ അടങ്ങിയിരിക്കുന്ന ഘടകമൂലകങ്ങൾ ഏതാണ് ?

A) Fe, Mn, C
B) Fe, Si, C
C) Fe, Cr, Ni, C
D) Fe, C

48. വാതകങ്ങളിലെ കണികകളുടെ എണ്ണവും അതിന്റെ വ്യാപ്തവും തമ്മിലുള്ള ബന്ധം കാണിക്കുന്ന നിയമമാണ്

A) ചാൾസ് നിയമം
B) ബോയിൽ നിയമം
C) അവൊഗാഡ്രോ നിയമം
D) ന്യൂട്ടൺ നിയമം

49. $H_3PO_4$ (ഫോസ്ഫോറിക് ആസിഡ്)ന്റെ ബേസികത

A) 1
B) 2
C) 3
D) 4

50. ആവർത്തനപട്ടികയിലെ മൂലകമായ ഒഗാനെസോൺ (Og) ന്റെ അറ്റോമിക നമ്പർ എത്രയാണ് ?

A) 115
B) 116
C) 117
D) 118

51. 2025-ലെ രസതന്ത്രത്തിനുള്ള നോബൽ സമ്മാനം താഴെപ്പറയുന്ന ഏത് കണ്ടുപിടിത്തത്തിന്റെ വികസനത്തിനാണ് നൽകപ്പെട്ടത് ?

A) ക്രിസ്പർ ജീൻ എഡിറ്റിംഗ് സാങ്കേതികവിദ്യ
B) മെറ്റൽ-ഓർഗാനിക് ഫ്രെയിംവർക്ക്
C) ലിഥിയം-അയൺ ബാറ്ററികൾ
D) ഗ്രീൻ ഫ്ലൂറസെന്റ് പ്രോട്ടീൻ

52. കേരള കലാമണ്ഡലത്തെ സംബന്ധിച്ച് ശരിയായ പ്രസ്താവനകൾ ഏതൊക്കെ ?

i. 2007 മുതലാണ് കല്പിത സർവ്വകലാശാലയായത്.
ii. 1975-ൽ ഒരു ഗ്രാന്റ്-ഇൻ-എയ്ഡ് വിദ്യാഭ്യാസ സ്ഥാപനമായി.
iii. 1930-ൽ സ്ഥാപിതമായി.

A) i മാത്രം ശരി
B) ii ഉം iii ഉം മാത്രം ശരി
C) i ഉം iii ഉം മാത്രം ശരി
D) i ഉം ii ഉം iii ഉം ശരി

53. താഴെപ്പറയുന്നവയിൽ മണിപ്രവാളകൃതിയിൽപ്പെടാത്തതേത് ?

A) ഉണ്ണിയച്ചി

B) ഉണ്ണിച്ചിരുതേവി

C) രാമചരിതം

D) ചെറിയച്ചി

54. കടമ്മനിട്ടരാമകൃഷ്ണന്റെ 'കിരാതവൃത്തം' എന്ന കവിതയെ സ്വാധീനിച്ച കലാരൂപമേത് ?

A) ഓട്ടൻ തുള്ളൽ

B) കഥകളി

C) കൂടിയാട്ടം

D) പടയണി

55. യുദ്ധവിജയവുമായി ബന്ധപ്പെട്ട് ചിറ്റൂർ ഭഗവതിക്കാവിൽ നടത്തുന്ന ഉത്സവമേത് ?

A) കൊങ്ങൻപട

B) പൂരക്കളി

C) നവരാത്രി

D) മാമാങ്കം

56. ''നമിക്കിലുയരാം, നടുകിൽത്തിന്നാം, നൽകുകിൽ നേടീടാം;
നമുക്കു നാമേ പണിവതുനാകം നരകവുമതുപോലെ.''
ഏതു കവിതയിലെ വരികളാണിത് ?

A) വിശ്വദർശനം

B) പ്രേമസംഗീതം

C) കാവിലെ പാട്ട്

D) കന്നിക്കൊയ്ത്ത്

57. ഫിഫ വേൾഡ്കപ്പ് 2026 ഫൈനൽ മത്സരം നിയന്ത്രിച്ച റഫറിയാര് ?

A) ബെനിറ്റോ അർച്ചുഡിയ

B) ജോർജ്ജ് ലാരിയോണ്ട

C) സ്ലാവ്കോ വിൻസിച്ച്

D) ലുബോസ് മിഷെൽ

58. 72-ാമത് ദേശീയ ചലച്ചിത്ര അവാർഡുമായി ബന്ധപ്പെട്ട് ശരിയല്ലാത്ത പ്രസ്താവന ഏത് ?

A) 2024-ലെ ചിത്രങ്ങൾക്കാണ് അവാർഡ് നല്കിയത്

B) മികച്ച ഫീച്ചർ ഫിലിം - 'ആർട്ടിക്കിൾ 370' ആണ്

C) ഫീച്ചർ ഫിലിം ജൂറി ചെയർപേഴ്സൺ ശ്രീ. അസീം സിൻഹയായിരുന്നു

D) മികച്ച മലയാള ചിത്രം – ഫെമിനിച്ചി ഫാത്തിമ

59. ഉയർന്ന വേഗത കാരണം ആധുനിക പ്രോസസറുകളിൽ കാഷ് മെമ്മറിയായി (Cache Memory) സാധാരണയായി ഉപയോഗിക്കുന്ന മെമ്മറി ഏതാണ് ?

A) DRAM B) SRAM C) ROM D) EEPROM

60. ഒരു പ്രോഗ്രാം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നു.

```
INPUT N
IF N > 0 GOTO L1
PRINT “NEGATIVE”
STOP
 L1:
IF N < 100 GOTO L2
PRINT “LARGE”
STOP
L2:
PRINT “SMALL POSITIVE”
STOP
```

N-ന്റെ ഇൻപുട്ട് മൂല്യം 120 ആണെങ്കിൽ, താഴെപ്പറയുന്നവയിൽ ഏത് പ്രസ്താവനയാണ് ശരി ?

A) നെഗറ്റീവ് B) സ്മോൾ പോസിറ്റീവ്

C) ലാർജ് D) ഔട്ട്പുട്ട് ഇല്ല

61. സൈബർ ആക്രമണങ്ങളെ അവയുടെ സവിശേഷതകളുമായി പൊരുത്തപ്പെടുത്തുക.

| ആക്രമണം | സവിശേഷത |
|---|---|
| 1. ഫിഷിംഗ് | a. നെറ്റ്‌വർക്ക് പാക്കറ്റുകൾ പിടിച്ചെടുക്കൽ |
| 2. സ്പൂഫിംഗ് | b. വ്യാജ ഇ-മെയിലുകളോ വെബ്സൈറ്റുകളോ |
| 3. സ്നിഫിംഗ് | c. രഹസ്യ വിവരങ്ങൾ നേരിട്ട് നിരീക്ഷിക്കൽ |
| 4. ഷോൾഡർ സർഫിംഗ് | d. വിശ്വസനീയമായ വ്യക്തി/സ്ഥാപനം എന്ന വ്യാജേന പ്രത്യക്ഷപ്പെടൽ |

ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

A) 1 – b, 2 – d, 3 – a, 4 – c B) 1 – d, 2 – b, 3 – c, 4 – a

C) 1 – a, 2 – c, 3 – d, 4 – b D) 1 – c, 2 – a, 3 – b, 4 – d

62. ഗൂഗിളിന്റെ സ്വയം നിയന്ത്രിത കാർ (സെൽഫ് ഡ്രൈവിംഗ് കാർ) പദ്ധതി നിലവിൽ ഏത് കമ്പനിയാണ് നടത്തുന്നത് ?

A) ടെസ്‌ല
B) വെയ്മോ
C) എൻവിഡിയ
D) ക്രൂസ്

63. ക്ലൗഡ് (Claude) എന്ന ജനറേറ്റീവ് AI അസിസ്റ്റന്റ് വികസിപ്പിച്ചെടുത്തത് ഏത് കമ്പനിയാണ് ?

A) ഗൂഗിൾ
B) മൈക്രോസോഫ്റ്റ്
C) ആന്ത്രോപിക്
D) ഓപ്പൺഎഐ

64. കേന്ദ്ര വിവരാവകാശ കമ്മീഷൻ നിലവിൽ വന്നത്

A) 2005 ഒക്ടോബർ 15
B) 2005 ജൂൺ 15
C) 2005 ഒക്ടോബർ 12
D) 2005 ജൂൺ 12

65. പോക്സോ നിയമപ്രകാരം ഒരു വ്യക്തി ലൈംഗീക ഉദ്ദേശത്തോടെ ഒരു കുട്ടിയെ സ്വകാര്യ ഭാഗങ്ങളിൽ സ്പർശിക്കുകയോ, സ്പർശിക്കുവാൻ പ്രേരിപ്പിക്കുകയോ ചെയ്താൽ, അത് എന്ത് കുറ്റമായി കണക്കാക്കുന്നത് ?

A) ലൈംഗീക പീഡനം
B) ലൈംഗീകാതിക്രമം
C) പ്രവേശിത ലൈംഗീകാതിക്രമം
D) ഗൗരവതരമായ പ്രവേശിത ലൈംഗീകാതിക്രമം

66. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റ്, 2007 പ്രകാരം ''മുതിർന്ന പൗരൻ'' എന്നാൽ

A) അറുപത്തിയഞ്ച് വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള, ഇന്ത്യൻ പൗരനായ ഏതൊരു വ്യക്തിയെയും അർത്ഥമാക്കുന്നു.
B) അറുപത് വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള, ഇന്ത്യൻ പൗരനല്ലാത്ത ഏതൊരു വ്യക്തിയെയും അർത്ഥമാക്കുന്നു.
C) അറുപത് വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള, ഇന്ത്യൻ പൗരനായ ഏതൊരു വ്യക്തിയെയും അർത്ഥമാക്കുന്നു.
D) അറുപത് വയസ്സോ അതിൽ താഴെ പ്രായമുള്ള, ഇന്ത്യൻ പൗരനായ ഏതൊരു വ്യക്തിയെയും അർത്ഥമാക്കുന്നു.

67. ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം ഉപഭോക്താക്കൾക്ക് എത്ര അവകാശങ്ങളുണ്ട് ?

A) 4
B) 6
C) 5
D) 7

68. ഗാർഹിക പീഡന നിയമത്തിലെ സെക്ഷൻ 18 പ്രകാരം ആർക്കാണ് സംരക്ഷണ ഉത്തരവുകൾ നൽകാൻ കഴിയുക ?

A) സബ് ഇൻസ്പെക്ടർ
B) ഇൻസ്പെക്ടർ ഓഫ് പോലീസ്
C) പഞ്ചായത്ത് പ്രസിഡന്റ്
D) മജിസ്ട്രേറ്റ്

69. കേരളത്തിൽ നിലവിലെ മുഖ്യ വിവരാവകാശ കമ്മീഷണർ ആരാണ് ?

A) വി. ഹരി നായർ
B) പാലാട്ട് മോഹന്ദാസ്
C) വിശ്വാസ് മെഹ്ത
D) പാർത്ഥ ബിശ്വാസ്

70. പതിനാറാം കേരള നിയമസഭയിലെ പട്ടികജാതി പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി

A) പാലാട്ട് മോഹന്ദാസ്
B) വിശ്വാസ് മെഹ്ത
C) പാർത്ഥ ബിശ്വാസ്
D) കെ. എ. തുളസി

71. $5^{3x-1} \div 25 = 125$ ആണെങ്കിൽ 'x' ന്റെ വില എത്ര ?

A) 2　　B) 3　　C) 1　　D) 4

72. $11^3 + 12^3 + 13^3 + .... + 25^3$ ന്റെ തുക കാണുക.

A) 102100
B) 103600
C) 101600
D) 102600

73. ശ്രേണിയിലെ അടുത്ത പദം കണ്ടെത്തുക.

13, 14, 23, 48, 97, 178, ?

A) 259
B) 278
C) 269
D) 299

74. അക്ഷരങ്ങൾ സ്വാഭാവിക ക്രമത്തിൽ പുന:ക്രമീകരിച്ച് ഒറ്റയാനെ കണ്ടെത്തുക.

A) TOGA
B) GEPONI
C) RARPOT
D) LEEGA

75. 2026 ആഗസ്റ്റ് 15 ശനിയാഴ്ച ആണെങ്കിൽ 2030 ആഗസ്റ്റ് 15 ഏത് ദിവസം ആയിരിക്കും ?

A) ശനിയാഴ്ച
B) വ്യാഴാഴ്ച
C) തിങ്കളാഴ്ച
D) വെള്ളിയാഴ്ച

76. രണ്ട് സംഖ്യകൾ ഒരു മൂന്നാമത്തെ സംഖ്യയേക്കാൾ യഥാക്രമം 20%, 50% കൂടുതലാണ് എങ്കിൽ ആ രണ്ട് സംഖ്യകൾ തമ്മിലുള്ള അനുപാതം എത്രയാണ് ?

A) 2 : 5
B) 6 : 7
C) 3 : 5
D) 4 : 5

77. രാജു കിഴക്കോട്ട് 4 കിലോമീറ്റർ നടക്കുന്നു. പിന്നീട് അയാൾ ഇടത്തോട്ട് തിരിഞ്ഞ് വീണ്ടും 3 കിലോമീറ്റർ നടക്കുന്നു. അയാൾ തന്റെ പ്രാരംഭ സ്ഥാനത്തിൽ നിന്ന് ഏത് ദിശയിലാണ്, എത്ര ദൂരത്താണ് ?

A) തെക്ക്-പടിഞ്ഞാറ്, 5 km

B) വടക്ക്-കിഴക്ക്, 5 km

C) തെക്ക്-കിഴക്ക്, 5 km

D) വടക്ക്-പടിഞ്ഞാറ്, 5 km

78. 21 സെന്റീമീറ്റർ നീളവും 8 സെന്റീമീറ്റർ പുറം വ്യാസവുമുള്ള ഒരു പൊള്ളയായ ഇരുമ്പ് പൈപ്പ് ഉണ്ട്. പൈപ്പിന്റെ കനം 1 സെന്റീമീറ്ററും, 1 ഘന സെന്റീമീറ്റർ ($cm^3$) ഇരുമ്പിന്റെ ഭാരം 8 ഗ്രാമും ആണെങ്കിൽ പൈപ്പിന്റെ ആകെ ഭാരം എത്രയാണ് ?

A) 3.6 kg

B) 36 kg

C) 3.696 kg

D) 36.9 kg

79. A ഒറ്റയ്ക്ക് ഒരു ജോലി ചെയ്യാൻ 6 ദിവസവും B ഒറ്റയ്ക്ക് അതേ ജോലി ചെയ്യാൻ 8 ദിവസവും വേണം. A യും B യും ചേർന്ന് ആ ജോലി 3,200 രൂപയ്ക്ക് ചെയ്യാമെന്ന് കരാർ എടുത്തു. C യുടെ സഹായത്തോടെ അവർ ആ ജോലി 3 ദിവസം കൊണ്ട് പൂർത്തിയാക്കി എങ്കിൽ C യ്ക്ക് എത്ര രൂപയാണ് നൽകേണ്ടത് ?

A) 375

B) 400

C) 600

D) 800

80. A+B എന്നാൽ A എന്നത് B യുടെ സഹോദരിയാണ്. A@B എന്നാൽ A എന്നത് B യുടെ ഭാര്യയാണ്. A#B എന്നാൽ A എന്നത് B യുടെ മകനാണ്. A%B എന്നാൽ A എന്നത് B യുടെ അമ്മയാണ്.

'P@Q#R%S+O' എന്ന വാക്യത്തിൽ S ഉം P ഉം തമ്മിലുള്ള ബന്ധം എന്താണ് ?

A) സഹോദരി

B) നാത്തൂൻ

C) സഹോദരൻ

D) അമ്മ

81. The District Collector ____________ the strike after a successful negotiation with the union leaders.

A) called at B) called off

C) called for D) called on

82. One should learn to love

A) himself B) herself

C) oneself D) themselves

83. Choose the correct plural form of the word ‘Crisis’.

A) Crisises B) Crisis

C) Crises D) Crisies

84. Add the correct question tag.
He hardly ever completes his work on time, ______ ?

A) doesn’t he ? B) does he ?

C) is he ? D) isn’t he ?

85. Choose the synonyms of the word ‘mundane’.

i. ordinary ii. prosaic iii. earthly iv. noble

A) i only B) i, iii and iv

C) i, ii and iii D) All the above

86. A statement of Assertion (A) is followed by a statement of Reason (R).
Choose the correct option.

**Assertion (A)** : The passive voice of the command, “Close the door” is, “Let the door be closed.”

**Reason (R)** : When changing an imperative sentence containing an object into passive voice the sentence begins with ‘Let’, followed by the object and be + past participle.

A) Both (A) and (R) are true and (R) is the correct explanation of (A)

B) Both (A) and (R) are true but (R) is not the correct explanation of (A)

C) (A) is true but (R) is false

D) (A) is false but (R) is true

87. Find the correctly spelt word.

A) ENTREPRANEUR

B) ENTRAPRENEUR

C) ENTREPRENEUR

D) ENTREPRENUER

88. In which of the following sentences is the word 'Object' used as a verb ?

A) The mystery object was found in the attic.

B) I have no object in mind but to help you.

C) Many citizens object the new tax laws.

D) The teacher placed an object on the table.

89. The correct meaning of déjà vu is

A) A sudden fear

B) A feeling of having experienced something before

C) A forgotten memory

D) A dreamlike illusion

90. Fill in the blanks using the most appropriate articles.

The candidate is ________________ university graduate with _________ honest character.

A) a, a

B) an, a

C) a, an

D) an, an

91. പെരുങ്കായം എന്ന പദം പിരിച്ചെഴുതുന്നത് എങ്ങനെ ?

A) പെരു + കായം

B) പെര് + കായം

C) പെരും + കായം

D) പെരുൻ + കായം

92. താഴെ കൊടുത്തിരിക്കുന്നതിൽ സമാനാർത്ഥം ഉള്ള പദം അല്ലാത്തതേത് ?

A) കപി

B) ഗവലം

C) ബാഹുകം

D) കീശം

93. നിഷാദൻ എന്ന പദത്തിന്റെ എതിർലിംഗം ഏത് ?

A) നിഷൂദി

B) നിഷാദിത

C) നിഷാദിണി

D) നിഷാദി

94. ഉന്മീലനം എന്ന വാക്കിന്റെ വിപരീതപദം ഏത് ?

A) സമീലനം

B) നിർന്മീലനം

C) നിരുന്മീലനം

D) നിമീലനം

95. ആയില്യക്കൊടി കെട്ടുക എന്ന ശൈലിയുടെ അർത്ഥം എന്ത് ?

A) മംഗളമാക്കുക

B) തുടക്കം കുറിക്കുക

C) ശണ്ഠയ്ക്ക് പുറപ്പെടുക

D) സർവ്വവും നശിപ്പിക്കുക

96. താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽ ശരിയായ പദം അല്ലാത്തവ ഏതെല്ലാം ?

1. നീഢം
2. അന്തഃക്ഷോഭം
3. സൃഷ്ടാവ്
4. ദൃഢപ്രജ്ഞൻ

A) 1, 3, 4
B) 1, 2, 3
C) 2, 4
D) 1, 3

97. പറഞ്ഞയച്ചവൻ എന്ന വാക്കിന്റെ ഒറ്റപ്പദം

A) പ്രേഷകൻ
B) പ്രേക്ഷകൻ
C) പ്രേക്ഷിതൻ
D) പ്രേക്ഷിതാവ്

98. സലിംഗ ബഹുവചന രൂപം ഏത് ?

A) മനുഷ്യർ
B) മക്കൾ
C) ബന്ധുക്കൾ
D) ബാലികമാർ

99. മഞ്ഞിന്റെ പര്യായം അല്ലാത്ത പദം ഏത് ?

A) തുഷാരം
B) നീഹാരം
C) പ്രാലേയം
D) ധൗതം

100. ശരിയായ വാക്യം കണ്ടെത്തുക.

A) ഞാൻ ആവർത്തിച്ചു പറയുകയാണ് സൂക്ഷിച്ചാൽ ദു:ഖിക്കണ്ട.
B) പ്രായപൂർത്തി തികഞ്ഞവർക്ക് വോട്ടവകാശമുണ്ട്.
C) ഞാൻ പലതവണ വിവാഹം കഴിക്കണമെന്നു വിചാരിച്ചിട്ടും നടന്നില്ല.
D) ഞാൻ സാധാരണ ശ്രദ്ധിച്ച് വണ്ടി ഓടിക്കുകയാണ് പതിവ്.

## Space for Rough Work